**മധുരമായ കുട്ടികളെ – ഭാരതവാസികൾക്ക് തെളിയിച്ച് പറഞ്ഞ് കൊടുക്കൂ അതായത് ശിവ ജയന്തി തന്നെയാണ് ഗീതാ ജയന്തി, ഗീതയിലൂടെയാണ് പിന്നീട് ശ്രീകൃഷ്ണ ജയന്തിയുണ്ടാകുന്നത്.**

**ചോദ്യം:–** ഏതൊരു ധർമ്മത്തിന്റേയും സ്ഥാപനയുടെ മുഖ്യ ആധാരം എന്താണ്? ധർമ്മ സ്ഥാപകർ ചെയ്യാത്ത ഏതൊരു കാര്യമാണ് ബാബ ചെയ്യുന്നത്?

**ഉത്തരം:–** ഏതൊരു ധർമ്മത്തിന്റേയും സ്ഥാപനയ്ക്ക് പവിത്രതയുടെ ബലം ആവശ്യമാണ്. എല്ലാ ധർമ്മവും പവിത്രതയുടെ ബലത്തിലൂടെയാണ് സ്ഥാപിക്കപ്പെട്ടത്. എന്നാൽ ഒരു ധർമ്മ സ്ഥാപകരും ആരെയും പാവനമാക്കുന്നില്ല എന്തുകൊണ്ടെന്നാൽ എപ്പോഴാണോ ധർമ്മ സ്ഥാപനയുണ്ടാകുന്നത് അപ്പോൾ മായയുടെ രാജ്യമാണ്, എല്ലാവർക്കും പതിതമാകുകതന്നെ വേണം. പതിതരെ പാവനമാക്കുക– ഇത് ബാബ യുടെ മാത്രം കർത്തവ്യമാണ്. ബാബ തന്നെയാണ് പാവനമാകുന്നതിനുള്ള ശ്രീമതം നൽകുന്നത്.

**ഗീതം:–** ഈ പാപത്തിന്റെ ലോകത്തിൽ നിന്ന്. . . . . .

**ഓം ശാന്തി.** ഇപ്പോൾ കുട്ടികൾ മനസ്സിലാക്കിയിരിക്കുന്നു അതായത് പാപത്തിന്റെ ലോകമെന്ന് ഏതിനെയാണ് പറയുക അതുപോലെ പുണ്യത്തിന്റെ ലോകം അഥവാ പാവന ലോകമെന്ന് ഏതിനെയാണ് പറയുന്നത്. വാസ്തവത്തിൽ പാപത്തിന്റെ ലോകം ഈ ഭാരതം തന്നെയാണ് അതുപോലെ ഭാരതം തന്നെയാണ് പിന്നീട് പുണ്യത്തിന്റെ ലോകമായ സ്വർഗ്ഗമാകുന്നത്. ഭാരതം തന്നെയാണ് സ്വർഗ്ഗമായിരുന്നത്, ഭാരതം തന്നെയാണ് നരകമായിരിക്കുന്നത് എന്തുകൊണ്ടെന്നാൽ കാമ ചിതയിൽ കത്തിക്കൊണ്ടിരിക്കുന്നു. അവിടെ കാമ ചിതയിൽ ആരും കത്തുന്നില്ല, അവിടെ കാമത്തിന്റെ ചിതതന്നെയില്ല. സത്യയുഗത്തിൽ കാമ ചിത യുണ്ട് എന്ന് പറയുകപോലുമില്ല, ഇത് മനസ്സിലാക്കേണ്ട കാര്യങ്ങളല്ലേ. ഏറ്റവും ആദ്യം ഉയരുന്ന ചോദ്യ മാണ്, ഭാരതം പതിതവും ദുഃഖിയുമാണ്, ആ അതേ ഭാരതം തന്നെയാണ് തീർച്ചയായും പാവനവും സുഖിയുമായിരുന്നത്. പറയുന്നുമുണ്ട് ആദി സനാതന ഹിന്ദു ധർമ്മമുണ്ടായിരുന്നു. ഇപ്പോൾ ആദി സനാ തനമെന്ന് ഏതിനെയാണ് പറയുന്നത്? ആദിയെന്നാൽ എന്താണ് സനാതനമെന്നാൽ എന്താണ്? ആദിയെ ന്നാൽ സത്യയുഗം. എങ്കിൽ സത്യയുഗത്തിൽ ആരായിരുന്നു? ഇതാണെങ്കിൽ എല്ലാവർക്കുമറിയാം സത്യ യുഗത്തിൽ ലക്ഷ്മീ–നാരായണനായിരുന്നു. സത്യയുഗത്തിന് അധികാരിയാകുന്നതിന് മുൻപ് തീർച്ചയായും അവരും ആരുടെയെങ്കിലും സന്താനങ്ങളായിരിക്കും. സത്യയുഗം സ്ഥാപിച്ചത് പരമപിതാ പരമാത്മാവാ യിരുന്നു, പരമാത്മാവിന്റെ സന്താനമായിരുന്നു. എന്നാൽ ഈ സമയം സ്വയത്തെ പരമാത്മാവിന്റെ സന്താ നമാണെന്ന് മനസ്സിലാക്കുന്നില്ല. അഥവാ സന്താനമാണെന്ന് മനസ്സിലാക്കുന്നുണ്ടെങ്കിൽ ബാബയെ അറിയും, ബാബയെയാണെങ്കിൽ അറിയുന്നതേയില്ല. ഇപ്പോൾ ഹിന്ദു ധർമ്മമെന്നത് ഗീതയിലില്ല. ഗീതയിലാണെ ങ്കിൽ ഭാരതമെന്ന പേരാണുള്ളത് അവർ പറയുന്നു ഹിന്ദു മഹാസഭ. ഇപ്പോൾ ശ്രീമത് ഭഗവത് ഗീതയാണ് സർവ്വ ശാസ്ത്ര ശിരോമണി. ഗീതാ ജയന്തിയും ആഘോഷിക്കുന്നുണ്ട്, ശിവ ജയന്തിയും ആഘോഷിക്കു ന്നുണ്ട്. അപ്പോൾ ശിവ ജയന്തി എപ്പോഴാണുണ്ടായത് – ഇതും അറിയേണ്ടതാണ്. പിന്നീടാണ് കൃഷ്ണ ജയന്തി. ഇപ്പോൾ നിങ്ങൾ കുട്ടികൾ അറിഞ്ഞിരിക്കുന്നു ശിവ ജയന്തിക്ക് ശേഷമാണ് ഗീതാ ജയന്തി. ഗീതാ ജയന്തിക്ക് ശേഷമാണ് കൃഷ്ണ ജയന്തി. ഗീതാ ജയന്തിയിലൂടെ തന്നെയാണ് ദേവീ–ദേവതാ ധർമ്മത്തിന്റെ സ്ഥാപന ഉണ്ടാകുന്നത്. പിന്നീട് ഗീതാജയന്തിയോടൊപ്പം മഹാഭാരതത്തിനും ബന്ധമുണ്ട്. അതിൽ പിന്നീട് വരുന്നത് യുദ്ധത്തിന്റെ കാര്യമാണ്. കാണിക്കുന്നുണ്ട് യുദ്ധത്തിന്റെ മൈതാനത്തിൽ 3 സേനകൾ ഉണ്ടാ യിരുന്നു. യാദവർ, കൗരവർ, പാണ്ഢവരെയും കാണിക്കുന്നുണ്ട്. യാദവരാണ് ശൂലമെടുക്കുന്നത്. അവിടെ മദ്യം കുടിച്ചു ശൂലമെടുത്തു. നിങ്ങൾക്കറിയാം ഇപ്പോൾ ശരിക്കും മിസൈൽ എടുത്തുകൊണ്ടിരിക്കുക യാണ്. അവരും തന്റെ കുലത്തിന്റെ വിനാശം ചെയ്യാൻ പരസ്പരം ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുക യാണ്. എല്ലാവരും ക്രിസ്ത്യാനികളാണ്. അവർ തന്നെയാണ് യൂറോപ്പു വാസികളായ യാദവർ. അതിനാൽ ഒന്ന് അവരുടെ സഭയാണ്. അവരുടെ വിനാശമുണ്ടായി, പരസ്പരം അടിച്ച് മരിച്ചു. അതിൽ മുഴുവൻ യൂറോപ്പും വരുന്നു. അതിൽ ഇസ്ലാമിയും, ബൗദ്ധിയും, ക്രിസ്ത്യാനിയും എല്ലാം വരുന്നു. ഇവിടെ പിന്നെ യുള്ളത് കൗരവരും പാണ്ഢവരുമാണ്. കൗരവരും വിനാശം പ്രാപിച്ചു, വിജയം പാണ്ഢവർക്കുണ്ടായി. ഇപ്പോൾ ചോദ്യം ഉയരുന്നു ഗീതയുടെ ഭഗവാൻ ആരാണ്, ആരാണ് സഹജ യോഗവും ജ്ഞാനവും പഠി പ്പിച്ച് രാജാക്കൻമാരുടെയും രാജാവാക്കിയത് അഥവാ പാവന ലോകത്തിന്റെ സ്ഥാപന ചെയ്തത്? എന്താ ശ്രീകൃഷ്ണൻ വന്നോ? കൗരവരാണെങ്കിൽ കലിയുഗത്തിലായിരുന്നു. കൗരവ–പാണ്ഢവരുടെ സമയത്ത്

ശ്രീകൃഷ്ണനെങ്ങനെ വരാൻ സാധിക്കും? ശ്രീകൃഷ്ണ ജയന്തി ആഘോഷിക്കുന്നുണ്ട്, സത്യയുഗ ആദിയിൽ 16 കല. ശ്രീകൃഷ്ണന് ശേഷം പിന്നീട് ത്രേതായിൽ രാമന് 14 കലയാണ്. കൃഷ്ണനാണ് രാജാക്കൻമാരുടെയും രാജാവ് അഥവാ രാജകുമാരൻമാരുടെയും രാജകുമാരൻ. വികാരി രാജകുമാരൻമാർ പോലും ശ്രീകൃഷ്ണനെ പൂജിക്കുന്നുണ്ട് എന്തുകൊണ്ടെന്നാൽ അറിയാം ശ്രീകൃഷ്ണൻ സത്യയുഗത്തിലെ 16 കലാ സമ്പൂർണ്ണനായ രാജകുമാരനായിരുന്നു, നമ്മൾ വികാരികളാണ്. തീർച്ചയായും രാജകുമാരൻമാർ പോലും ഇങ്ങനെ പറയില്ലേ. ഇനി ശിവ ജയന്തിയുമുണ്ട്, ക്ഷേത്രവും ഏറ്റവും വലുതിലും വലുത് ശിവബാബയുടേത് തന്നെയാണ് ഉണ്ടാക്കിയിട്ടുള്ളത്. അതാണ് നിരാകാരനായ ശിവബാബയുടെ ക്ഷേത്രം. ശിവനെത്തന്നെയാണ് പരമപിതാ പരമാത്മാവെന്ന് വിളിക്കുന്നത്. ബ്രഹ്മാ-വിഷ്ണു-ശങ്കരനും ദേവത തന്നെയാണ്.

ശിവ ജയന്തിയും ഭാരതത്തിൽ തന്നെയാണ് ആഘോഷിക്കുന്നത്. ഇപ്പോൾ നോക്കൂ ശിവ ജയന്തി വരാൻ പോകുന്നു. തെളിയിച്ച് മനസ്സിലാക്കിക്കൊടുക്കണം ശിവനെത്തന്നെയാണ് പറയുന്നത് ജ്ഞാനത്തിന്റെ സാഗരൻ അർത്ഥം സൃഷ്ടിയെ പാവനമാക്കുന്ന പരമപിതാ പരമാത്മാവെന്ന്. ഗാന്ധിജിയും പാടിയിട്ടുണ്ടായിരുന്നു, കൃഷ്ണന്റെ പേരല്ല പരാമർശിച്ചിരുന്നത്. ഇപ്പോൾ ചോദ്യം ഉയരുന്നു ശിവ ജയന്തിയാണോ ഗീതാ ജയന്തി, അതോ കൃഷ്ണ ജയന്തിയാണോ ഗീതാ ജയന്തി? എന്നാൽ കൃഷ്ണ ജയന്തി സത്യയുഗത്തിലാണ് എന്നാണ് പറയുക. ശിവന്റെ ജയന്തി എപ്പോഴാണ് ഉണ്ടായത്- ആർക്കും അറിയില്ല. നിരാകാരനായ പരമപിതാ പരമാത്മാ ശിവനാണ് സംഗമത്തിൽ സൃഷ്ടി രചിച്ചത്. സത്യയുഗത്തിൽ ശ്രീകൃഷ്ണന്റെ രാജ്യമായിരുന്നു. അപ്പോൾ തീർച്ചയായും ആദ്യം ശിവ ജയന്തിയായിരിക്കും. ബ്രാഹ്മണ കുല ഭൂഷണരായ സേവനത്തിൽ തത്പരരായിരിക്കുന്ന കുട്ടികൾക്ക് ഈ കാര്യങ്ങൾ ബുദ്ധിയിൽ കൊണ്ട് വരണം അതായത് ഭാരതവാസികൾക്ക് എങ്ങനെ തെളിയിച്ച് പറഞ്ഞ്കൊടുക്കും ശിവ ജയന്തി തന്നെയാണ് ഗീതാ ജയന്തിയെന്ന്. പിന്നീട് ഗീതയിൽ നിന്നാണ് കൃഷ്ണ ജയന്തി അഥവാ രാജാക്കൻമാരുടെയും രാജാവിന്റെ ജയന്തി ഉണ്ടാകുന്നത്. കൃഷ്ണനാണ് പാവന ലോകത്തിന്റെ രാജാവ്. അവിടെയുള്ളത് രാജഭരണമാണ്. അവിടെ ശ്രീകൃഷ്ണൻ ജന്മമെടുത്ത് ഗീത പാടിയിട്ടില്ല അതുപോലെ സത്യയുഗത്തിൽ മഹാഭാരത യുദ്ധം മുതലായവയും സാധ്യമല്ല. അത് തീർച്ചയായും സംഗമത്തിലായിരിക്കും ഉണ്ടായിട്ടുണ്ടാകുക. നിങ്ങൾ കുട്ടികൾ നല്ലരീതിയിൽ ഈ കാര്യങ്ങളിൽ മനസ്സിലാക്കിക്കൊടുക്കണം.

പാണ്ഢവ, കൗരവ സഭ പ്രസിദ്ധമാണ്. കൃഷ്ണനെ പാണ്ഢവ പതിയായി കാണിക്കുന്നുണ്ട്. കൃഷ്ണനാണ് സഹജ ജ്ഞാനവും സഹജ രാജയോഗവും പഠിപ്പിച്ചതെന്ന് കരുതുന്നു. ഇപ്പോൾ വാസ്തവത്തിൽ യുദ്ധത്തിന്റെ കാര്യം തന്നെയില്ല. വിജയം പാണ്ഢവർക്കാണ് ഉണ്ടായത്, അവരെ പരമപിതാ പരമാത്മാവാണ് സഹജ രാജയോഗം പഠിപ്പിച്ചത്. അവരാണ് 21 ജന്മം സൂര്യവംശിയും ചന്ദ്രവംശിയുമായത്. അതുകൊണ്ട് ഹിന്ദു മഹാസഭയിലുള്ളവർക്ക് ആദ്യം മനസ്സിലാക്കിക്കൊടുക്കണം. സഭകളാണെങ്കിൽ വേറെയുമുണ്ട്- ലോക സഭ, രാജ്യ സഭ. ഈ ഹിന്ദു സഭയാണ് മുഖ്യം. ഏതുപോലെയാണോ 3 സേനകളെക്കുറിച്ച് പാടിയിട്ടുള്ളത് യാദവർ, കൗരവർ, പാണ്ഢവർ.... ഇതെല്ലാം ഉണ്ടായതും സംഗമത്തിലാണ്. ഇപ്പോൾ സത്യയുഗത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. കൃഷ്ണന്റെ ജനനത്തിനുള്ള തയ്യാറെടുപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. ഗീത തീർച്ചയായും സംഗമത്തിൽ തന്നെയാണ് പാടിയിട്ടുള്ളത്. ഇപ്പോൾ സംഗമത്തിൽ ആരെ കൊണ്ട് വരും? കൃഷ്ണനാണെങ്കിൽ വരാൻ സാധിക്കില്ല. കൃഷ്ണനെന്ത് കാര്യം ആ പാവന ലോകം ഉപേക്ഷിച്ച് ഈ പതിത ലോകത്തിൽ വരാൻ, പിന്നെ വേറൊരു കൃഷ്ണനാണെങ്കിൽ ഇല്ലേയില്ല. നിങ്ങൾക്കറിയാം ഇപ്പോൾ കൃഷ്ണൻ 84-ാം ജന്മത്തിലാണ് പല ആളുകളും കരുതുന്നു കൃഷ്ണൻ വിളിപ്പുറത്തുണ്ട്, സർവ്വവ്യാപിയാണ് എന്ന്. കൃഷ്ണന്റെ ഭക്തർ പറയും ഇതെല്ലാം കൃഷ്ണൻ തന്നെ കൃഷ്ണനാണ്, കൃഷ്ണൻ ഈ രൂപം ധരിച്ചതാണ്. രാധയുടെ ഭക്തരാണെങ്കിൽ അവർ പറയും രാധ തന്നെ രാധയാണ്.... ഞാനും രാധയാണ് നിങ്ങളും രാധയാണ്. അനേക മതങ്ങൾ വന്നിരിക്കുന്നു ചിലർ പറയും ഈശ്വരൻ സർവ്വവ്യാപിയെന്ന്, ചിലർ പറയും കൃഷ്ണൻ സർവ്വ വ്യാപിയെന്ന്, ചിലർ പറയും രാധ സർവ്വവ്യാപിയാണെന്ന്. ഇപ്പോൾ ബാബ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. ആ ബാബ സർവ്വ ശക്തനായ വിശ്വ പരമാധികാരിയാണ് അതുകൊണ്ട് ഇപ്പോൾ നിങ്ങൾ കുട്ടികൾക്കും അധികാരം തന്നുകൊണ്ടിരിക്കുകയാണ് അതായത് എങ്ങനെ ഇവർക്കെല്ലാം മനസ്സിലാക്കിക്കൊടുക്കും. ഹിന്ദുമഹാസഭയിലുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കൂ, അവർക്ക് ഈ കാര്യങ്ങളെ മനസ്സിലാക്കാൻ സാധിക്കും. അവർ സ്വയത്തെ ധാർമ്മിക ചിന്തയുള്ളവരാണെന്ന് കരുതുന്നു. ഗവൺമെന്റാണെങ്കിൽ ഒരു ധർമ്മത്തെയും അംഗീകരിക്കുന്നില്ല. അവർ സ്വയം തന്നെ ആശയക്കുഴപ്പത്തിലാണ്. ശിവ പരമാത്മാവാണ് നിരാകാരനായ ജ്ഞാന സാഗരൻ, മറ്റാരെയും ജ്ഞാന സാഗരനെന്ന് പറയാൻ സാധിക്കില്ല. പരമാത്മാവ് എപ്പോഴാണോ സന്മുഖത്ത് വന്ന് ജ്ഞാനം നൽകുന്നത് , അപ്പോഴാണ് രാജധാനി സ്ഥാപിക്കപ്പെടുന്നത്. രാജധാനി സ്ഥാപി

ക്കപ്പെട്ടുകഴിഞ്ഞാൽ പിന്നീട് സന്മുഖത്ത് അപ്പോഴാണ് വരുന്നത് എപ്പോഴാണോ രാജധാനി നഷ്ടപ്പെടുത്തുന്നത്. അതുകൊണ്ട് നിങ്ങൾക്ക് തെളിയിക്കണം ശിവ പരമാത്മാവാണ് നിരാകാരനായ ജ്ഞാന സാഗരൻ, ശിവ ജയന്തി തന്നെയാണ് ഗീതാ ജയന്തി. ഇതിൽ നാടകമുണ്ടാക്കണം, അതിലൂടെ മനുഷ്യരുടെ ബുദ്ധിയിൽ നിന്ന് കൃഷ്ണന്റെ കാര്യം പോകണം. നിരാകാരനായ ശിവ പരമാത്മാവിനെ തന്നെയാണ് പതിത പാവനനെന്ന് പറയുന്നത്. ശാസ്ത്രം മുതലായ എന്തെല്ലാമാണോ ഉണ്ടാക്കിയിട്ടുള്ളത്. അതെല്ലാം മനുഷ്യ മതത്തിലൂടെ മനുഷ്യർ ഉണ്ടാക്കിയിട്ടുള്ളതാണ്. ബാബയ്ക്ക് ശാസ്ത്രമൊന്നുമില്ല. ബാബ പറയുന്നു ഞാൻ സന്മുഖത്ത് വന്ന് നിങ്ങൾ കുട്ടികളെ യാചകനിൽ നിന്ന് രാജകുമാരനാക്കുന്നു പിന്നീട് ഞാൻ തിരിച്ച് പോകുന്നു. ഈ ജ്ഞാനം എനിക്ക് മാത്രമാണ് സന്മുഖത്ത് കേൾപ്പിക്കാൻ സാധിക്കുന്നത്. ആ ഗീത കേൾപ്പിക്കുന്നവർ ഗീത കേൾപ്പിക്കുന്നുണ്ട് എന്നാൽ അവിടെ ഭഗവാൻ സന്മുഖത്തില്ല. പറയുന്നുണ്ട് ഗീതയുടെ ഭഗവാൻ സന്മുഖത്തുണ്ടായിരുന്നു, സ്വർഗ്ഗമുണ്ടാക്കി തിരിച്ചു പോയി. അപ്പോൾ എന്താ ആ ഗീത കേൾക്കുന്നതിലൂടെ ഏതെങ്കിലും മനുഷ്യന് സ്വർഗ്ഗവാസിയാകാൻ സാധിക്കുമോ? മരിക്കുന്ന സമയത്തും മനുഷ്യരെ ഗീത കേൾപ്പിക്കാറുണ്ട് മറ്റൊരു ശാസ്ത്രവുമല്ല കേൾപ്പിക്കുന്നത്. കരുതുന്നു ഗീതയിലൂടെയാണ് സ്വർഗ്ഗത്തിന്റെ സ്ഥാപന ഉണ്ടായത് അതുകൊണ്ടാണ് ഗീത തന്നെ കേൾപ്പിക്കുന്നത്. എങ്കിൽ ആ ഗീത ഒന്നായിരിക്കേണ്ടേ. മറ്റെല്ലാ ധർമ്മങ്ങളും ശേഷം വന്നതാണ്. മറ്റാർക്കും നിങ്ങൾ സ്വർഗ്ഗവാസിയാകും എന്ന് പറയാനും സാധിക്കില്ല. പിന്നീട് മനുഷ്യരെ കുടിപ്പിക്കുന്നത് ഗംഗാ ജലമാണ്, യമുനാ ജലമല്ല കുടിപ്പിക്കുന്നത്. ഗംഗാ ജലത്തിന് തന്നെയാണ് മഹത്ത്വമുള്ളത്. വളരെ വൈഷ്ണവർ പോകുന്നുണ്ട്, കുടം നിറച്ച് കൊണ്ട് വരുന്നുണ്ട്. പിന്നീട് അതിൽ നിന്ന് തുള്ളി-തുള്ളി ഒഴിച്ച് കുടിച്ചുകൊണ്ടിരിക്കുന്നുണ്ട് എല്ലാ രോഗങ്ങളും ഇല്ലാതാകാൻ വേണ്ടി. വാസ്തവത്തിലുള്ളത് ഈ ജ്ഞാന അമൃതത്തിന്റെ ധാരയാണ് അതിലൂടെ 21 ജന്മത്തെ ദുഃഖം ഇല്ലാതാകുന്നു. നിങ്ങൾ ചൈതന്യ ജ്ഞാന ഗംഗകളിൽ സ്നാനം ചെയ്യുന്നതിലൂടെ മനുഷ്യൻ സ്വർഗ്ഗവാസിയാകുന്നു. അങ്ങനെയെങ്കിൽ തീർച്ചയായും അവസാനം ജ്ഞാന ഗംഗകൾ ഉത്ഭവിച്ചിട്ടുണ്ടായിരിക്കും. ആ ജലത്തിന്റെ നദികളാണെങ്കിൽ സദാ തന്നെ ഉണ്ട്. ഇങ്ങനെ ഒരിക്കലുമില്ല വെള്ളം കുടിക്കുന്നതിലൂടെ ആരെങ്കിലും ദേവതയായി മാറും. ഇവിടെ അൽപ്പമെങ്കിലും ജ്ഞാനം കേൾക്കുകയാണെങ്കിൽ സ്വർഗത്തിന്റെ അധികാരിയായി മാറുന്നു. ഇതാണ് ജ്ഞാനത്തിന്റെ സാഗരനായ ശിവബാബയുടെ ജ്ഞാന ഗംഗകൾ. ജ്ഞാന സാഗരൻ, ഗീതാ ജ്ഞാന ദാതാവ് ഒരു ശിവബാബയാണ്, കൃഷ്ണനല്ല. ആർക്കെങ്കിലും ജ്ഞാനം കൊടുക്കാൻ, സത്യയുഗത്തിൽ പതിതരായി ഒരാൾപോലുമില്ല. ഈ എല്ലാ കാര്യങ്ങളും ഭഗവാനിരുന്ന് മനസ്സിലാക്കിത്തരികയാണ്. അല്ലയോ അർജുനാ അഥവാ അല്ലയോ സഞ്ജയാ..... പേര് പ്രസിദ്ധമായിട്ടുണ്ട്. എഴുതുന്നതിൽ വളരെ സമർത്ഥരാണ്, നിമിത്തമാക്കിയിട്ടുണ്ട്. ഇപ്പോൾ ശിവ ജയന്തി വരികയാണ് അതുകൊണ്ട് അതിനെക്കുറിച്ച് വലിയ-വലിയ അക്ഷരങ്ങളിൽ എഴുതണം. ശിവൻ നിരാകാരനാണ്. അവരെയാണ് ജ്ഞാന സാഗരൻ, ദയാഹൃദയനെന്ന് പറയുന്നത്. കൃഷ്ണനെ ജ്ഞാന സാഗരൻ, ദയാഹൃദയനെന്ന് പറയില്ല. ശിവ പരമാത്മാവ് മാത്രമാണ് ജ്ഞാനം നൽകുന്നത്, ദയ ചൊരിയുന്നത്. ജ്ഞാനം തന്നെയാണ് ദയ. അദ്ധ്യാപകൻ ദയയോടെ പഠിപ്പിക്കുകയാണ് അപ്പോൾ വക്കീലും, എഞ്ചിനീയറും ആയിമാറുന്നു. സത്യയുഗത്തിൽ ദയയുടെ ആവശ്യമില്ല. അതുകൊണ്ട് ഏറ്റവും ആദ്യം തെളിയിക്കണം അതായത് നിരാകാരനായ ജ്ഞാന സാഗരന്റെ ശിവജയന്തിയാണോ ഗീതാ ജയന്തി, അതോ സത്യയുഗിയും സാകാരിയുമായ കൃഷ്ണന്റെ ജയന്തിയാണോ ഗീതാ ജയന്തി. ഇതാണ് നിങ്ങൾ കുട്ടികൾക്ക് തെളിയിക്കേണ്ടത്.

നിങ്ങൾക്കറിയാം ഏതെല്ലാം സന്ദേശകരാണോ വരുന്നത് അവർ പാവനമാക്കുന്നില്ല. ദ്വാപരത്തിൽ മായയുടെ രാജ്യമാകുന്നതിലൂടെ എല്ലാവരും പതിതമാകുന്നു. പിന്നീട് എപ്പോഴാണോ ബുദ്ധിമുട്ടുന്നത് അപ്പോൾ നമുക്ക് പോകണം എന്ന് ആഗ്രഹിക്കുന്നു. ഏത് ധർമ്മമാണോ സ്ഥാപിക്കുന്നത് അത് പിന്നീട് അഭിവൃദ്ധിപ്പെടുന്നു. പവിത്രതയുടെ ബലത്തിലൂടെ ധർമ്മം സ്ഥാപിക്കുന്നു പിന്നീട് അപവിത്രമാകുക തന്നെ വേണം. മുഖ്യമായും നാലു ധർമ്മങ്ങളാണ്, ഇവയ്ക്കു തന്നെയാണ് വൃദ്ധിയുണ്ടാകുന്നത്. ശാഖകളും-ചില്ലകളും വരുന്നു. ശിവ ജയന്തി, ഗീതാ ജയന്തിയാണെന്ന് തെളിയുന്നതിലൂടെ മറ്റെല്ലാ ശാസ്ത്രങ്ങളും പറക്കും കാരണം അതെല്ലാം മനുഷ്യരുണ്ടാക്കിയതാണ്. വാസ്തവത്തിൽ ഭാരതത്തിന്റെ ശാസ്ത്രം ഒരേ ഒരു ഗീതയാണ്. അതിസ്നേഹിയായ ബാബ എത്ര സഹജമാക്കിയാണ് മനസ്സിലാക്കിത്തരുന്നത്. ബാബയുടേതാണ് ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായ മതം. ഇപ്പോൾ നിങ്ങൾക്കിത് തെളിയിക്കണം അതായത് നിരാകാരനായ ജ്ഞാന സാഗരന്റെ ജയന്തിയാണോ ഗീതാ ജയന്തി, അതോ സത്യയുഗീ സാകാരിയായ ശ്രീകൃഷ്ണ ജയന്തിയാണോ ഗീതാ ജയന്തി? ഇതിന് വേണ്ടി വലിയ സമ്മേളനം വിളിക്കേണ്ടതായുണ്ട്. ഈ കാര്യം തെളിയുകയാണെങ്കിൽ പിന്നീട് എല്ലാ പണ്ഡിതരും വന്ന് നിങ്ങളിൽ നിന്ന് ഈ ലക്ഷ്യമെടുക്കും. ശിവ ജയന്തിക്ക് എന്തെങ്കിലും ചെയ്യേണ്ടേ. ഹിന്ദു മഹാസഭയിലുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കൂ, അവരുടേത് വലിയ പ്രസ്ഥാനമാണ്. സത്യയുഗത്തിലുള്ളത് ആദി സനാതന ദേവീ-ദേവതാ ധർമ്മമാ

ണ്. ബാക്കി സഭകളൊന്നുമില്ല. സഭകളെല്ലാമുള്ളത് സംഗമത്തിലാണ്. ഏറ്റവും ആദ്യം തെളിയിക്കണം അതായത് വാസ്തവത്തിൽ ആദി സനാതന സഭയാണ് ഈ ബ്രാഹ്മണരുടേത്, പാണ്ഢവരുടേത്. പാണ്ഢവർ തന്നെയാണ് വിജയം നേടിയത് അവർ പിന്നീട് സ്വർഗ്ഗവാസിയായി. ഇപ്പോഴാണെങ്കിൽ ഒന്നിനെയും ആദി സനാതന ദേവീ-ദേവതകളുടെ സഭയെന്ന് പറയാൻ സാധിക്കില്ല. ദേവതകളുടേതിനെ സഭയെന്ന് പറയില്ല, അത് രാജധാനിയാണ്. കല്പത്തിന്റെ സംഗമത്തിലാണ് ഈ എല്ലാ സഭകളും ഉണ്ടായിരുന്നത്. അതിൽ ഒന്നായിരുന്നു പാണ്ഢവ സഭ, അതിനെ ആദി സനാതന ബ്രാഹ്മണരുടെ സഭയെന്നും പറയും. ഇതാർക്കും അറിയില്ല. കൃഷ്ണന്റെ പേരിൽ ബ്രാഹ്മണരില്ല. ബ്രാഹ്മണരുടെ കുടുമ ബ്രഹ്മാവിന്റെ പേരിലാണുള്ളത്. നിങ്ങളുടെ ബ്രാഹ്മണ സഭയെ ബ്രഹ്മാവിന്റെ പേരിലാണ് പറയുക. ഈ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നവരും ബുദ്ധിവാനായിരിക്കണം. ഇതിനായി ജ്ഞാനത്തിൽ സമർത്ഥരാകണം. നിരാകാരനായ ശിവൻ തന്നെയാണ് ഗീതാ ജ്ഞാന ദാതാവ്, ദിവ്യ ദൃഷ്ടി വിധാതാവ്. ഈ എല്ലാ കാര്യങ്ങളും ധാരണ ചെയ്ത് പിന്നീട് സമ്മേളനം വിളിക്കണം, എനിക്ക് തെളിയിച്ച് പറഞ്ഞ് കൊടുക്കാൻ സാധിക്കുമെന്ന് ആര് കരുതുന്നുവോ അവർക്ക് ഒരുമിച്ച് കൂടണം. യുദ്ധ മൈതാനത്ത് മേജേഴ്സ്, കമാന്റേഴ്സ് തുടങ്ങിയവരുടെ സഭയുണ്ടായിരിക്കും. ഇവിടെ കമാന്ററെന്ന് മഹാരഥിയെയാണ് പറയുന്നത്. ബാബ രചയിതാവും, സംവിധായകനുമാണ്, സ്വർഗ്ഗത്തിന്റെ രചന നടത്തുന്നു പിന്നീട് നിർദ്ദേശവും നൽകുന്നു- മഹാസഭയുണ്ടാക്കൂ എന്നിട്ട് ഈ കാര്യം ഉന്നയിക്കൂ. ഗീതയുടെ ഭഗവാൻ ആരെന്ന് തെളിയുന്നതിലൂടെ എല്ലാവരും മനസ്സിലാക്കും അതായത് അവരുമായാണ് യോഗം വെയ്ക്കേണ്ടത്. ബാബ പറയുന്നു ഞാൻ ഗൈഡായി വന്നിരിക്കുന്നു, നിങ്ങൾ പറക്കാനെങ്കിലും യോഗ്യരാകൂ. മായ ചിറക് മുറിച്ചിരിക്കുന്നു. യോഗം വെയ്ക്കുന്നതിലൂടെ നിങ്ങളുടെ ആത്മാവ് പവിത്രമായിത്തീരും പറക്കുകയും ചെയ്യും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം -

1. ജ്ഞാനാമൃത ധാരയിലൂടെ എല്ലാവരെയും നിരോഗി അല്ലെങ്കിൽ സ്വർഗ്ഗവാസിയാക്കുന്നതിന്റെ സേവനം ചെയ്യണം. മനുഷ്യരെ ദേവതയാക്കണം. ബാബയ്ക്ക് സമാനം മാസ്റ്റർ ദയാഹൃദയരാകണം.

2. ജ്ഞാനത്തിന്റെ ഉച്ചാവസ്ഥയിൽ വളരെ സമർത്ഥരായി യുക്തിയോടെ ശിവജയന്തി ദിനത്തിൽ തെളിയിക്കണം അതായത് ശിവ ജയന്തി തന്നെയാണ് ഗീതാ ജയന്തി, ഗീതാ ജ്ഞാനത്തിലൂടെ തന്നെയാണ് ശ്രീകൃഷ്ണന്റെ ജന്മമുണ്ടാകുന്നത്.

## വരദാനം - ദിനചര്യയിലെ ഓരോ പ്രവർത്തിയിലും യാഥാർത്ഥ്യമായും, യുക്തിയുക്തമായും നടക്കുന്ന പൂജ്യ പവിത്ര ആത്മാവായി ഭവിക്കൂ.

പൂജ്യ പവിത്ര ആത്മാവിന്റെ ലക്ഷമമാണ് - അവരുടെ ഓരോ വാക്കും, കർമ്മവും, സ്വപ്നവും യഥാർത്ഥം അർത്ഥം യുക്തിയുക്തമായിരിക്കും. ഇങ്ങനെ ഒരിക്കലും സംഭവിക്കില്ല അങ്ങനെ പറഞ്ഞു പോയി, പുറത്തു വന്നു പോയി, ചെയ്തു പോയി, സംഭവിച്ച് പോയി. പവിത്രാത്മാക്കൾ സദാ ദിനചര്യയിലേ ഓരോ പ്രവർത്തിയിലും യത്ഥാർത്ഥവും യുക്തിയുക്തവുമായി ഇരിക്കുന്നത് കാരണം അവരുടെ ഓരോ കർമ്മത്തിലും പൂജ ലഭിക്കുന്നു. അതായത് ദിനചര്യയിലെ മുഴുവൻ പൂജയും ലഭിക്കുന്നു . എഴുന്നേലേൽക്കുമ്പോൾ മുതൽ ഉറങ്ങുന്നത് വരെ ഭിന്നഭിന്ന കർമ്മത്തിലും ദർശനമുണ്ടാകുന്നു.

## സ്ലോഗൻ - സൂര്യവംശിയാവണം എങ്കിൽ സദാ വിജയിയായും ഏകരസ സ്ഥിതിയിലും ഇരിക്കൂ.